## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3071** **15/02/2013-ൽ മറുപടിയ്ക്ക്**

## ഭൂമി പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനുള്ള നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. രാജു എബ്രഹാം | | ശ്രീ. അടൂർ പ്രകാശ് (റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) | ശബരിമല പാതയായ എരുമേലി-കണമല-ഇലവുങ്കൽ പാതയിലെ കണമല പാലത്തിനായി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽപ്പെടുന്ന എരുമേലി തെക്ക് വില്ലേജിലെ എത്ര ആർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്; പ്രസ്തുത വസ്തുവിന്റെ ഉടമ ആരാണ് ; | (എ) | കണമല പാലത്തിനായി കോട്ടയം ജില്ലയിലെ കാഞ്ഞിരപ്പള്ളി താലൂക്കിൽപ്പെട്ട എരുമേലി തെക്ക് വില്ലേജിലെ ബ്ലോക്ക് 28 സർവ്വെ നമ്പർ 516/1-1-ലെ ശ്രീ. എബി ജോസ് നെല്ലോലപ്പൊയ്കയിൽ എന്നയാളുടെ 5.48 ആർ സ്ഥലമാണ് ഏറ്റെടുക്കുവാനുദ്ദേശിക്കുന്നത്. |
| (ബി) | ഈ വസ്തു സർക്കാർ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കൈമാറാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ഇത് സംബന്ധിച്ച ഫയൽ ഇപ്പോൾ ആരുടെ പക്കലാണുള്ളത്; ഫയൽ നമ്പർ വ്യക്തമാക്കുമോ; ഇതിന്മേൽ തീരുമാനം വൈകുന്നതിന്റെ കാരണം വ്യക്തമാക്കുമോ; അടിയന്തിരമായി പ്രസ്തുത ഭൂമി ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ബി) | ഇല്ല. ഈ കേസിൽ 10-09-2012-ൽ അവാർഡ് എൻക്വയറി പൂർത്തിയാക്കുകയും 05-10-2012-ൽ ജില്ലാതല പർച്ചേസ് കമ്മിറ്റി കൂടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ ജില്ലാതല പർച്ചേസ് കമ്മിറ്റി നിശ്ചയിച്ച സ്ഥലവില കക്ഷി സമ്മതിക്കാതിരുന്ന സാഹചര്യത്തിൽ എൽ. എ. ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ തുക അനുവദിക്കുന്ന വിഷയം സർക്കാർ പരിഗണിച്ചുവരുന്നു. (ഫയൽ നമ്പർ 64490/ബി3/12/റവ). |

സെക്ഷൻ ഓഫീസർ.